**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **13-12-2022 - ൽ മറുപടിയ്ക്ക്**

**അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ, പൊതു മേഖലകളിലായി നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ് എന്നത് വസ്തുതയല്ലേ; വിശദാംശം നൽകാമോ; | (എ) | വസ്തുതയാണ്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും 40 ഫാക്ടറികൾ നിലവിൽ പ്രവർത്തിച്ച വരുന്നു. എന്നാൽ കേരള കശുവണ്ടിതൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പരിധിയിലുള്ള സ്വകാര്യ മേഖലയിലെ 828 ഫാക്ടറികളിൽ 523 എണ്ണം അടഞ്ഞു കിടക്കുകയാണ്. |
| (ബി) | അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. **ഇതിന്റെ ഭാഗമായി പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20 ലെ പലിശ 9 ശതമാനം സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകുകയുണ്ടായി. ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC യ്ക്ക് അനുവദിക്കുകയും ചെയ്തു.**<br><br>**സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല** |

**രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കുടിശ്ശിക വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30.12.2021ൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച്, താഴെപ്പറയുന്ന പ്രകാരം അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.**

31.01.2019 വരെ NP അക്കൗണ്ടുകൾക്ക് പകരം 31.03.2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

രണ്ട് കോടി വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31.03.2022നകം ബാങ്കുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്.

**OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Paymentആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.**

**കോവിഡ് മഹാമാരി മൂലം മാന്ദ്യതയിലായ സാമ്പത്തിക രംഗം തകർച്ചയിൽ നിന്നും ഇനിയും പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി 31.03.2022 ൽ നിന്നും ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിയ്ക്കുകയും ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 16.06.2022 ലെ സ.ഉ(സാധാ)നം. 562/2022/വ്യവ പ്രകാരം**

| | | | |
|---|---|---|---|
| | | | **31.03.2022 വരെ എന്നുള്ളത് 31.12.2022 വരെ എന്ന് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.**<br><br>**കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 95 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കോവിഡ് മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.**<br><br>**സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി വ്യവസായ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും തുടർന്ന് കൊല്ലത്ത് സിറ്റിംഗ് നടത്തുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പേർട്ട് പ്രമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.** |
| (സി) | അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) | അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡ് വഴി നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു. കൂടാതെ 2021, 2022 വർഷങ്ങളിൽ കോവിഡ് പ്രത്യേക ധനസഹായമായി അടഞ്ഞുകിടക്കുന്ന |

| | | | |
|---|---|---|---|
| | | | ഫാക്ടറികളിലെ തൊഴിലാളികൾക്ക് 1000 രൂപ വീതം ക്ഷേമനിധി ബോർഡ് വഴി നൽകി.<br><br>ഇതിനു പുറമേ അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധം II- ആയി ചേർക്കുന്നു. |
| (ഡി) | കശുവണ്ടി തൊഴിലാളികൾക്ക് അടിയന്തര ആശ്വാസമായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | കശുവണ്ടി തൊഴിലാളികൾക്ക് അടിയന്തര ആശ്വാസമായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അടഞ്ഞു കിടക്കുന്ന ഫാകടറികളിലെ തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ ബോർഡ് വഴി നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| കാലയളവ് | തൊഴിലാളികളുടെ എണ്ണം | തുക |
|---|---|---|
| 2017 ഓണം | 28236 എണ്ണം | 2,000/- രൂപയും 10കിലോ അരിയും |
| 2018 ഓണം | 38289 എണ്ണം | 2,000/- രൂപയും 10കിലോ അരിയും |
| 2019 വിഷു | 29643 എണ്ണം | 2,000/-രൂപ വീതം |
| 2019 ഓണം | 21957 എണ്ണം | 2,000/- രൂപയും 10 കിലോഅരിയും |
| 2020 ഓണം | 20865 എണ്ണം | 2,250/- രൂപാ വീതം |
| 2021 ഓണം | 19736 എണ്ണം | 2,250/- രൂപാ വീതം |
| 2022ഓണം | 19607 എണ്ണം | 2,250/- രൂപാ വീതം |

2020,2021 കാലയളവിൽ കോവിഡ് പ്രത്യേക ധനസഹായമായി അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് 1,000/- രൂപാ വീതം സർക്കാർ ധനസഹായത്തോടെ ബോർഡ് വഴി നൽകി.

**അനുബന്ധം II**

| ക്രമ നം | വിതരണംചെയ്യുന്ന ആനുകൂല്യം | ധനസഹായതുക |
|---|---|---|
| 1. | സ്കോളർഷിപ്പ്<br>1. പ്ലസ് വൺ<br>2. ഡിഗ്രി/ തത്തുല്യം<br>3. പി.ജി/ തത്തുല്യം<br>4. പ്രൊഫഷണൽകോഴ്സ്<br>5. പി.എച്ച്.ഡി | <br>500/- രൂപ<br>750/- രൂപ<br>1,000/- രൂപ<br>1,500/- രൂപ<br>2,000/- രൂപ |
| 2. | ക്യാഷ്അവാർഡ്<br>1. 10-ാം ക്ലാസ്-ഒന്നാംസ്ഥാനം (10 എ+)<br>2. 10-ാം ക്ലാസ് -രണ്ടാംസ്ഥാനം (9എ+,1എ)<br>3. പ്ലസ് വൺ (ഒന്നാംസ്ഥാനം-6 എ+)<br>4. ഡിഗ്രി/ തത്തുല്യം<br>5. പി.ജി/ തത്തുല്യം/ പ്രൊഫഷണൽകോഴ്സ് | <br>1,500/- രൂപ<br>1,200/- രൂപ<br>2,000/- രൂപ<br>3,000/- രൂപ<br>5,000/- രൂപ |
| 3. | വിവാഹ ധനസഹായം | 5,000/- രൂപ |
| 4. | പ്രസവാനുകൂല്യം | 3,000/- രൂപ മുതൽ 15,000/- രൂപ വരെ |
| 5. | ചികിത്സാധനസഹായം | 2,500/- രൂപ |
| 6. | പെൻഷൻ | പ്രതിമാസം 1,600/-രൂപ നിരക്കിൽ |
| 7. | ശവസംസ്കാര സാമ്പത്തിക സഹായം | • തൊഴിലാളിമരണപ്പെട്ടാൽ നോമിനിക്ക് 2,000/-രൂപ<br>• പെൻഷണർ മരണപ്പെട്ടാൽ നോമിനിക്ക് 1,000/രൂപ |
| 8. | പ്രകൃതിദുരന്ത ധനസഹായം | 10,000/- രൂപ |